**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2043** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>പി.എസ്.സി. ജീവനക്കാരന്റെ മുഴുവൻ സീനിയോരിറ്റിയും നൽകാൻ നടപടി</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. തോമസ് കെ. തോമസ് | ശ്രീ. വി. ഡി. സതീശൻ |
| ശ്രീ. കോവൂർ കുഞ്ഞുമോൻ | (മുഖ്യമന്ത്രി) |

**(എ)** കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ജീവനക്കാരനായിരിക്കെ പഞ്ചായത്തുവകുപ്പിൽ ജോലി ലഭിച്ചുപോകുകയും പിന്നീട് രണ്ടുവർഷത്തിനകം തന്നെ കെ.എസ്.&എസ്.എസ്.ആർ. ജനറൽ റൂൾ 8 പ്രകാരം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാതൃവകുപ്പിലേക്ക് തിരികെ വന്ന ശ്രീ. ജോൺസൺ ജി. എന്ന ഉദ്യോഗസ്ഥന്റെ സീനിയോരിറ്റി മുഴുവനും നൽകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; 2006 മുതൽ 2016 വരെയുള്ള കാലയളവിലെ സീനിയോരിറ്റി നൽകാത്തത് ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കുമോ; ഇദ്ദേഹത്തിന്റെ എത്ര ജൂനിയർ ജീവനക്കാർ ഇദ്ദേഹത്തേക്കാൾ ഉയർന്ന തസ്തികയിലും ശമ്പളത്തിലും ജോലിചെയ്യുന്നു എന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ സേവനത്തിലിരിക്കെ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് 25.06.2004 -ൽ വിടുതൽ ചെയ്ത ശ്രീ. ജോൺസൺ ജി -യെ 03.04.2013 – ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ പുന:പ്രവേശിപ്പിച്ചിരുന്നു. 01.08.2006 - ൽ Low paid Employees-ൽ നിന്നും തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിനുള്ള ലിസ്റ്റ് തയ്യാറാക്കുന്നതിന് കമ്മീഷൻ ആദ്യമായി ഒരു വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. വിജ്ഞാപനം പുറപ്പെടുവിച്ച സമയത്ത് ശ്രീ. ജോൺസൺ, കമ്മീഷന്റെ സജീവ സേവനത്തിലുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ സ്വന്തം അഭ്യർത്ഥന പ്രകാരം പഞ്ചായത്ത് വകുപ്പിൽ ജോലി ചെയ്തിരുന്നതിനാൽ ടി വിജ്ഞാപനത്തിന് അനുസൃതമായി അദ്ദേഹം അപേക്ഷിച്ചിട്ടില്ല. കൃത്യമായ നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് ഒരു യോഗ്യതാലിസ്റ്റ് തയ്യാറാക്കി യോഗ്യരായ ജീവനക്കാരെ പ്രസ്തുത തസ്തികയിലേയ്ക്ക് നിയമിക്കുകയും ചെയ്തു. ആയതിനു ശേഷം ശ്രീ. ജോൺസൺ ജി യുടെ അപേക്ഷ പരിഗണിച്ച് 2013-ൽ അദ്ദേഹത്തെ PSC-യിലേക്ക് അറ്റൻഡർ തസ്തികയിലേക്ക് തിരിച്ചെടുത്തു. ശ്രീ. ജോൺസൺ ജി PSC-യിലെ അറ്റൻഡർ തസ്തികയിലേക്ക് പുന:പ്രവേശിച്ചതിനു ശേഷം പുറപ്പെടുവിച്ച ആദ്യ വിജ്ഞാപനമാണ് 2016-ലേത്. പി.എസ്.സി-യിൽ പുനർ നിയമനം നേടിയതിനു ശേഷം ശ്രീ. ജോൺസൺ ജി 18.08.2016 വിജ്ഞാപനത്തിന് അപേക്ഷ സമർപ്പിക്കുകയും യോഗ്യതാ ലിസ്റ്റിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ ടിയാന് 19.10.2016-ൽ അസിസ്റ്റന്റ് ആയി നിയമനം ലഭിക്കുകയും ചെയ്തു. 2013-ൽ ശ്രീ. ജോൺസൺ ജി. പി.എസ്.സി-യിൽ പുനഃപ്രവേശനം നേടിയതിന് ശേഷം പ്രസ്തുത തസ്തികയിൽ നിന്ന് KS&SSR റൂൾ 8 പ്രകാരം ലഭിക്കാവുന്ന എല്ലാ സീനിയോറിറ്റിയും ടിയാന് അനുവദിച്ച് നല്കിയിട്ടുണ്ട്.

അറ്റൻഡർ/ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നുള്ള ലൈൻ ഓഫ് പ്രൊമോഷനിൽ ഉൾപ്പെടുന്ന തസ്തിക അല്ല അസിസ്റ്റന്റ് തസ്തിക; പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ

ക്ഷണിച്ചുകൊണ്ടാണ് തസ്തികമാറ്റ നിയമനം നടത്തുന്നത്. KS & SSR റൂൾ (27) എ പ്രകാരം നിയമന തീയതി മുതൽ പ്രാബല്യത്തിൽ മാത്രമേ ഒരാൾക്ക് സീനിയോറിറ്റി നൽകാൻ കഴിയുകയുള്ളൂ. അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ B/T നിയമനത്തിനായി ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്ന് വിജ്ഞാപനത്തിലൂടെ അപേക്ഷ ക്ഷണിക്കുകയും യോഗ്യരായ ജീവനക്കാരുടെ പി.എസ്.സി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയും ചെയ്യുന്നു. ആയതിനാൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ KS & SSR റൂൾ (8) അടിസ്ഥാനമാക്കിയുള്ള സീനിയോറിറ്റിക്ക് ശ്രീ. ജോൺസൺ ജി അർഹതയില്ല. അതുകൊണ്ടുതന്നെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനുള്ള സാഹചര്യമില്ല.

**(ബി)** ശ്രീ. ജോൺസണ് മുൻപും പിൻപും ഇതേ ചട്ടപ്രകാരം മാതൃവകുപ്പായ പി.എസ്.സി.യിലേക്ക് തിരികെവന്ന മുഴുവൻ ജീവനക്കാർക്കും എല്ലാ സീനിയോരിറ്റിയും നൽകിയിട്ടും ശ്രീ. ജോൺസന്റെ 2006 മുതൽ 2016 വരെയുള്ള സീനിയോരിറ്റി നൽകാത്തത് ബോധപൂർവ്വമാണോ; എങ്കിൽ അതിന് ഉത്തരവാദികളായ ജീവനക്കാർക്കെതിരെ ശക്തവും മാതൃകാപരവുമായ ശിക്ഷണനടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ സേവനത്തിലിരിക്കെ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് 25.06.2004 -ൽ വിടുതൽ ചെയ്ത ശ്രീ. ജോൺസൺ ജി -യെ 03.04.2013 – ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ പുന:പ്രവേശിപ്പിച്ചിരുന്നു. 01.08.2006 - ൽ Low paid Employees-ൽ നിന്നും തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിനുള്ള ലിസ്റ്റ് തയ്യാറാക്കുന്നതിന് കമ്മീഷൻ ആദ്യമായി ഒരു വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. വിജ്ഞാപനം പുറപ്പെടുവിച്ച സമയത്ത് ശ്രീ. ജോൺസൺ, കമ്മീഷന്റെ സജീവ സേവനത്തിലുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ സ്വന്തം അഭ്യർത്ഥന പ്രകാരം പഞ്ചായത്ത് വകുപ്പിൽ ജോലി ചെയ്തിരുന്നതിനാൽ ടി വിജ്ഞാപനത്തിന് അനുസൃതമായി അദ്ദേഹം അപേക്ഷിച്ചിട്ടില്ല. കൃത്യമായ നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് ഒരു യോഗ്യതാലിസ്റ്റ് തയ്യാറാക്കി യോഗ്യരായ ജീവനക്കാരെ പ്രസ്തുത തസ്തികയിലേയ്ക്ക് നിയമിക്കുകയും ചെയ്തു. ആയതിനു ശേഷം ശ്രീ. ജോൺസൺ ജി യുടെ അപേക്ഷ പരിഗണിച്ച് 2013-ൽ അദ്ദേഹത്തെ PSC-യിലേക്ക് അറ്റൻഡർ തസ്തികയിലേക്ക് തിരിച്ചെടുത്തു. ശ്രീ. ജോൺസൺ ജി PSC-യിലെ അറ്റൻഡർ തസ്തികയിലേക്ക് പുന:പ്രവേശിച്ചതിനു ശേഷം പുറപ്പെടുവിച്ച ആദ്യ വിജ്ഞാപനമാണ് 2016-ലേത്. പി.എസ്.സി-യിൽ പുനർ നിയമനം നേടിയതിനു ശേഷം ശ്രീ. ജോൺസൺ ജി 18.08.2016 വിജ്ഞാപനത്തിന് അപേക്ഷ സമർപ്പിക്കുകയും യോഗ്യതാ ലിസ്റ്റിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ ടിയാന് 19.10.2016-ൽ അസിസ്റ്റന്റ് ആയി നിയമനം ലഭിക്കുകയും ചെയ്തു. 2013-ൽ ശ്രീ. ജോൺസൺ ജി. പി.എസ്.സി-യിൽ പുനഃപ്രവേശനം നേടിയതിന് ശേഷം പ്രസ്തുത തസ്തികയിൽ നിന്ന് KS&SSR റൂൾ 8 പ്രകാരം ലഭിക്കാവുന്ന എല്ലാ സീനിയോറിറ്റിയും ടിയാന് അനുവദിച്ചു നല്കിയിട്ടുണ്ട്.

അറ്റൻഡർ/ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നുള്ള ലൈൻ ഓഫ് പ്രൊമോഷനിൽ ഉൾപ്പെടുന്ന തസ്തിക അല്ല അസിസ്റ്റന്റ് തസ്തിക; പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിച്ചുകൊണ്ടാണ് തസ്തികമാറ്റ നിയമനം നടത്തുന്നത്. KS & SSR റൂൾ (27) എ പ്രകാരം നിയമന തീയതി മുതൽ പ്രാബല്യത്തിൽ മാത്രമേ ഒരാൾക്ക് സീനിയോറിറ്റി നൽകാൻ കഴിയുകയുള്ളൂ. അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ B/T നിയമനത്തിനായി ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്ന് വിജ്ഞാപനത്തിലൂടെ അപേക്ഷ ക്ഷണിക്കുകയും യോഗ്യരായ ജീവനക്കാരുടെ പി.എസ്.സി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയും ചെയ്യുന്നു. ആയതിനാൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ KS & SSR റൂൾ (8) അടിസ്ഥാനമാക്കിയുള്ള സീനിയോറിറ്റിക്ക് ശ്രീ.

ജോൺസൺ ജി അർഹതയില്ല. അതുകൊണ്ടുതന്നെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനുള്ള സാഹചര്യമില്ല.

**(സി)** ശ്രീ. ജോൺസണ് കെ.എസ്.&എസ്.എസ്.ആർ. റൂൾ 8-ന്റെ എല്ലാ പരിരക്ഷയും ഉണ്ടെന്ന് അദ്ദേഹത്തിന്റെ ജൂനിയേർസ് നൽകിയ മൂന്ന് അപ്പീലുകളും തള്ളിക്കൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലും കേരള ഹൈക്കോടതിയും ഉത്തരവുകൾ നൽകുകയും 2004-ൽ പഞ്ചായത്തുവകുപ്പിൽ പോയപ്പോൾ മുതലുള്ള മുഴുവൻ സീനിയോരിറ്റിക്കും ഇദ്ദേഹത്തിന് അർഹത ഉണ്ടെന്നുള്ള സർക്കാർ ഉത്തരവുകളും കൂടാതെ പി.എസ്.സി. സെക്രട്ടറി പലവട്ടം മുഴുവൻ സീനിയോരിറ്റിയും നൽകി ഉത്തരവുകളും ഉണ്ടായിട്ടും എന്തുകൊണ്ടാണ് ഇദ്ദേഹത്തിന് മാത്രം നീതിനിഷേധിക്കുന്നത് എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** കോടതി ഉത്തരവുകൾ പ്രകാരം ശ്രീ. ജോൺസൺ ജി -യ്ക്ക് അർഹതപ്പെട്ട സീനിയോറിറ്റി അനുവദിച്ച് നൽകിയിട്ടുണ്ട്. സർക്കാർ നൽകിയ കത്തുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

**(ഡി)** കോടതിയുടെയും സർക്കാരിന്റെയും കമ്മീഷന്റെയും ഉത്തരവുകൾക്ക് വിരുദ്ധമായി പി.എസ്.സി.യുടെ ഹൈക്കോടതിയിലെ ലീഗൽ റീറ്റെയ്നർ നൽകിയ നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; ചട്ടങ്ങൾക്ക് വിരുദ്ധമായി നിയമോപദേശം നൽകിയ ലീഗൽ റീറ്റെയ്നറെ ആ സ്ഥാനത്തുനിന്നും നീക്കംചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ലീഗൽ റീറ്റെയ്നർ നൽകിയ നിയമോപദേശം ചട്ട വിരുദ്ധമല്ല.

**(ഇ)** സർക്കാർ ഉത്തരവുകളും ചട്ടങ്ങളും ബോധപൂർവ്വം ലംഘിച്ച് ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്ന ഇത്തരം ജീവനക്കാരെ സർവ്വീസിൽനിന്നും പിരിച്ചുവിടാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ചട്ട വിരുദ്ധമായിട്ടൊന്നും സംഭവിച്ചിട്ടില്ലാത്തതിനാൽ വിജിലൻസ് അന്വേഷണം നടത്തേണ്ടതിന്റെയും, ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതിന്റെയും ആവശ്യം ഉണ്ടായിട്ടില്ല.

**(എഫ്)** ശ്രീ. ജോൺസണ് മാതൃവകുപ്പിലേക്ക് തിരിച്ചുവരാൻ എല്ലാ അർഹതയുമുണ്ടായിട്ടും ഒൻപത് കൊല്ലക്കാലം നിയമപോരാട്ടം നടത്തി കോടതി ഉത്തരവിലൂടെ പി.എസ്.സി.യിൽ തിരികെ വന്നതിൽ ചില ഉദ്യോഗസ്ഥർക്കുള്ള പകയാണ് ഇത്തരത്തിൽ ഒരു ജീവനക്കാരനെ സർവ്വീസിലുടനീളം ഉപദ്രവിച്ചതെന്നതിനാൽ പോലീസ്, വിജിലൻസ് ഇക്കാര്യം അന്വേഷിച്ച് നീതി നടപ്പാക്കുന്നതിന് അടിയന്തര നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ചട്ട വിരുദ്ധമായിട്ടൊന്നും സംഭവിച്ചിട്ടില്ലാത്തതിനാൽ വിജിലൻസ് അന്വേഷണം നടത്തേണ്ടതിന്റെയും, ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതിന്റെയും ആവശ്യം ഉണ്ടായിട്ടില്ല.

**(ജി)** പി.എസ്.സി.യെ പോലെയുള്ള ഒരു ഭരണഘടനാ സ്ഥാപനത്തിൽ ഇത്തരത്തിൽ നീതി നിഷേധിക്കപ്പെടുന്ന സാഹചര്യം ഭാവിയിൽ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; പി.എസ്.സി. മെമ്പർമാരുടെ ഒരു സമിതി കൂടി പ്രസ്തുത

വിഷയത്തിലെ വാദികളെയും പ്രതികളെയും കേട്ട് അടിയന്തര തീരുമാനം കൈക്കൊള്ളാൻ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** നീതി നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

**സെക്ഷൻ ഓഫീസർ**